# ശിരോവസ്ത്ര വിവാദം: ജി.ഐ.ഒ പ്രതിഷേധിച്ചു

**കൊല്ലം:** ശിരോവസ്ത്ര പ്രശ്നത്തിൽ ഇടപെട്ട സംഘടനകളെ പ്രശ്നക്കാരാക്കി ചിത്രീകരിച്ച ഇന്റലിജൻസ് റിപ്പോർട്ട് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ജി.ഐ.ഒയുടെ നേതൃത്വത്തിൽ ഡി.ഡി.ഇ ഓഫീസിലേക്ക് മാർച്ച് നടത്തി. കലക്ടറേറ്റ് പരിസരത്ത് നിന്നാരംഭിച്ച മാർച്ച് ഡി.ഡി.ഇ ഓഫീസിന് മുന്നിൽ സംസ്ഥാന പ്രസിഡന്റ് പി. റുക്സാന ഉദ്ഘാടനം ചെയ്തു. നീതിനിഷേധത്തിനെതിരെയും അനുവദിക്കപ്പെട്ട അവകാശത്തിനായും സംസാരിച്ചവരെ വർഗീയ ധ്രുവീകരണമുണ്ടാക്കുന്നവരായി ചിത്രീകരിച്ച നിലപാട് ലജ്ജാകരമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണം. ശിരോവസ്ത്ര വിഷയത്തിൽ ഇടപെട്ട സംഘടനകൾക്കെതിരെ നടത്തിയ വർഗീയാധിക്ഷേപം പിൻവലിക്കണം. ജനാധിപത്യം ഉറപ്പ് നൽകുന്ന സമൂഹത്തിൽ മുസ്‌ലിം പെൺകുട്ടികളുടെ വസ്ത്രധാരണ രീതി മാത്രം പ്രശ്നമാകുന്നതും അസഹനീയമാകുന്നതും എന്തു കൊണ്ടെന്നത് ഗൗരവതരമായി ചർച്ച ചെയ്യണമെന്നും റുക്സാന ആവശ്യപ്പെട്ടു. ജി.ഐ.ഒ സംസ്ഥാന കാമ്പസ് സെക്രട്ടറി സഹ്‌ല, ജില്ലാ പ്രസിഡന്റ് നജിയ, സെക്രട്ടറി മുഹ്സിന, ജില്ലാ കാമ്പസ് സെക്രട്ടറി ആരിഫ, അമീന സലാഹ്, ഹംദ സഫ, ജ.ഇ വനിതാവിഭാഗം വൈസ് പ്രസിഡന്റ് ബാഹിയ നദീർ എന്നിവർ മാർച്ചിന് നേതൃത്വം നൽകി.



*ഡി.ഡി.ഇ ഓഫീസ് മാർച്ച് ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി. റുക്സാന ഉദ്ഘാടനം ചെയ്യുന്നു.*

## വിദ്യാലയങ്ങളിൽ മതസ്വാതന്ത്ര്യം ഉറപ്പ് വരുത്തുക: ജമാഅത്തെ ഇസ്‌ലാമി

**കോഴിക്കോട്:** കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാ വിഭാഗം വിദ്യാർഥികൾക്കും വിശ്വാസ-അനുഷ്ഠാന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തെ ചില സ്ഥാപനങ്ങളിൽ മുസ്‌ലിം വിദ്യാർഥിനികൾക്ക് ശിരോവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയാണ്. ഇത് ഭരണഘടന പൗരന്മാർക്ക് ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ഈയിടെ പുറത്തിറക്കിയ വിവാദ സർക്കുലർ തന്നെ മുസ്‌ലിം വിദ്യാർഥിനികളുടെ മതസ്വാതന്ത്ര്യ നിഷേധത്തിന് അടിവരയിടുന്നതാണ്. വിദ്യാർഥികൾക്ക് അവരുടെ മൗലികാവകാശം ലഭ്യമാക്കുന്നതിനുപകരം ഇതാവശ്യപ്പെടുന്ന സംഘടനകളെ അപകീർത്തിപ്പെടുത്താനുള്ള സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. വിവാദസർക്കുലർ പിൻവലിച്ച് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവണം. അല്ലെങ്കിൽ ശക്തമായ പ്രക്ഷോഭങ്ങൾ നേരിടേണ്ടിവരുമെന്ന് സെക്രട്ടറിയേറ്റ് മുന്നറിയിപ്പ് നൽകി. കേരള അമീർ ടി.ആരിഫലി അധ്യക്ഷത വഹിച്ചു.

## അതിവേഗ റെയിൽ: കലക്ട്രേറ്റ് മാർച്ച് നടത്തി

**കണ്ണൂർ:** അതിവേഗ റെയിൽപാത വിരുദ്ധസമിതി ജില്ലാ കമ്മിറ്റിയുടെ കീഴിൽ കലക്ട്രേറ്റ് മാർച്ചും ധർണയും നടത്തി. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പങ്കെടുത്ത മാർച്ചിൽ നൂറുകണക്കിനാളുകൾ അണിനിരന്നു. പരിപാടി കെ.കെ നാരായണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വൻ കുടിയൊഴിപ്പിക്കലിന് കാരണമാകുന്ന അതിവേഗ റെയിൽ പദ്ധതി സർക്കാർ ഉപേക്ഷിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പോകുന്നതിന് മറ്റു ബദൽ മാർഗങ്ങൾ ഉണ്ടെന്നിരിക്കെ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ധർമടം പഞ്ചായത്ത് പ്രസിഡന്റ് പ്രഭാകരൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് മെമ്പർ കെ. രവീന്ദ്രൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. പി. ജനാർദനൻ, എടക്കാട് പ്രേമരാജൻ, പി.കെ പ്രകാശിനി, കെ. രഞ്ജിത്ത്, കടന്നപ്പള്ളി രാമചന്ദ്രൻ, അഡ്വ. കെ.എൽ അബ്ദുസ്സലാം, കെ.എ ഗംഗാധരൻ, സി. ഹരീന്ദ്രൻ സംസാരിച്ചു.

## എത്തിക്കൽ മെഡിക്കൽ ഫോറം ദേശീയ സമ്മേളനം

**കോഴിക്കോട്:** "ആരോഗ്യ സംരക്ഷണാവകാശം മൗലികാവകാശമാണ്" എന്ന പ്രമേയത്തിൽ ദേശീയ സമ്മേളനം കേരളത്തിൽ സംഘടിപ്പിക്കുമെന്ന് എത്തിക്കൽ മെഡിക്കൽ ഭാരവാഹികൾ അറിയിച്ചു. സെപ്തംബർ 21, 22 തീയതികളിലാണ് വൈദ്യശുശ്രൂഷാ രംഗത്ത് നന്മയും മൂല്യങ്ങളും പുലരണമെന്നാഗ്രഹിക്കുന്ന ഡോക്ടർമാർ ഒരുമിച്ചു ചേരുന്നത്. ശുശ്രൂഷാ രംഗത്ത് നേരിടുന്ന മൂല്യച്യുതികൾ, ഗവേഷണ രംഗത്തെ മൂല്യബോധസംരക്ഷണം, പാർശ്വവത്കൃത വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം, ജീവിതശൈലീ രോഗങ്ങൾ തടയൽ തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും. ഡോ. ബിനായക്സെൻ, ഡോ. ആനന്ദ് ബക്ത്ത് തുടങ്ങിയവർ മുഖ്യാതിഥികളായിരിക്കും. സമ്മേളന ആസൂത്രണ യോഗത്തിൽ ഡോ. എം.പി അബൂബക്കർ ഹാജി അധ്യക്ഷത വഹിച്ചു. അബ്ദുർറഹ്മാൻ പെരിങ്ങാടി, ഡോ. ഷാൻ, ഇൽയാസ് മൗലവി ക്ലാസെടുത്തു. ഡോ. ഡാനി സമ്മേളനത്തിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച ചർച്ചക്ക് നേതൃത്വം നൽകി. ഡോ. ഷൈജുവിനെ ദേശീയ കൺവീനറായി തെരഞ്ഞെടുത്തു.

## എസ്.ഐ.ഒ ഡി.ഡി ഓഫീസ് മാർച്ച്

**മലപ്പുറം:** ശിരോവസ്ത്ര നിരോധനവുമായി ബന്ധപ്പെട്ട് സർക്കാറിന്റെ ജനാധിപത്യ ധ്വംസനത്തിനെതിരെ സമരം നടത്തുന്നവരെ പ്രതിചേർക്കുന്ന സർക്കാർ നിലപാട് രാജ്യത്തെ ഭരണഘടനയോടുള്ള വെല്ലുവിളിയാണെന്നും ഇതിനെതിരെ മുഴുവൻ പൗരന്മാരും രംഗത്ത് വരണമെന്നും എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് അഷ്റഫ് കൊണ്ടോട്ടി. എസ്.ഐ.ഒ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഡി.ഡി ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജലീസ് കോഡൂർ, അമീൻ മോങ്ങം, കെ.പി തബ്ശീർ സംസാരിച്ചു.

# കോളേജുകളുടെ സ്വയംഭരണാവകാശം: എസ്.ഐ.ഒ കലക്ട്രേറ്റ് മാർച്ച്

**മലപ്പുറം:** 'കോളേജുകളുടെ സ്വയംഭരണാവകാശം: സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുക' എന്ന ആവശ്യവുമായി എസ്.ഐ.ഒ കലക്ട്രേറ്റ് മാർച്ച് നടത്തി. എം.എസ്.പി പരിസരത്ത് നിന്നാരംഭിച്ച മാർച്ച് സിവിൽസ്റ്റേഷൻ പരിസരത്ത് പോലീസ് തടഞ്ഞു. മാർച്ച് എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി തൗഫീഖ് മമ്പാട് ഉദ്ഘാടനം ചെയ്തു. സ്വയംഭരണത്തിന് എസ്.ഐ.ഒ എതിരല്ലെന്നും അത് നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മാർച്ചിൽ നൂറോളം വിദ്യാർഥികൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് കെ.കെ അശ്റഫ് അധ്യക്ഷത വഹിച്ചു. കെ.പി തബ്ശീർ, കമാൽ വേങ്ങര, ജസീം സുൽത്താൻ സംസാരിച്ചു.



*'കോളേജുകളിലെ സ്വയംഭരണാവകാശം: സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുക' എന്ന ആവശ്യമുന്നയിച്ച് എസ്.ഐ.ഒ നടത്തിയ കലക്ട്രേറ്റ് മാർച്ച്*

## ഭരണഘടനാ ലംഘനം അനുവദിക്കില്ല

**കോഴിക്കോട്:** മതേതരത്വം സംരക്ഷിക്കാൻ എന്ന പേരിൽ ഭരണഘടനാ ലംഘനം അനുവദിക്കില്ലെന്ന് എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് ഷബീർ കൊടുവള്ളി, ശിരോവസ്ത്ര ധാരണവുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സർക്കുലർ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് എസ്.ഐ.ഒ ജില്ലാ കമ്മിറ്റി നടത്തിയ ഡി.ഡി.ഇ ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതാചാരം സ്വീകരിക്കാനുള്ള അവകാശം നിഷേധിച്ച ചില സ്വകാര്യ മാനേജ്മെന്റുകളുടെ നിലപാടിനെതിരെ പ്രതിഷേധിച്ച സംഘടനകളെ നിരീക്ഷിക്കാനുള്ള തീരുമാനം മതസ്വാതന്ത്ര്യത്തിന് എതിരാണെന്നും അദ്ദേഹം പറഞ്ഞു. നജീം കൊടിയത്തൂർ, സജീർ നടക്കാവ് സംസാരിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ ഷമീം കരുവൻപൊയിൽ, മുഫീദ്, നബീൽ നേതൃത്വം നൽകി.

## ഉന്നത വിജയികൾക്ക് മഹല്ല് കമ്മിറ്റിയുടെ അനുമോദനം

**കൂട്ടിലങ്ങാടി:** കൂട്ടിലങ്ങാടി ടൗൺ മഹല്ല് പരിധിയിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ മഹല്ല് കമ്മിറ്റി അനുമോദിച്ചു. മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ആറാം റാങ്ക് നേടിയ ഹർഷദ്, എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ എപ്ലസ് നേടിയവർ, മജ്ലിസ് പൊതുപരീക്ഷയിൽ ജില്ലയിൽനിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ഹർഷദ് ശിബിൻ എന്നിവരെയാണ് അനുമോദനിച്ചത്. ജമാഅത്തെ ഇസ്ലാമി ജില്ലാ പ്രസിഡന്റ് പി. അബ്ദുർറഹ്മാൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലത്വീഫ് മാറഞ്ചേരി, ഇൻകെൽ സെക്രട്ടറി എം.എ മജീദ് ഉപഹാര സമർപ്പണവും അനുമോദന പ്രഭാഷണവും നടത്തി. മഹല്ല് പ്രസിഡന്റ് സി.എച്ച് അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. കൺവീനർ കെ. മുഹമ്മദലി സ്വാഗതവും സെക്രട്ടറി ഇ.സി അബ്ദുന്നാസിർ നന്ദിയും പറഞ്ഞു.

## പ്രതിഷേധ കൂട്ടായ്മ

**കണ്ണൂർ:** ശിരോവസ്ത്ര നിരോധവും ഡി.പി.ഐയുടെ നടപടിയും പൗരാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് ജി.ഐ.ഒ ജില്ലാകമ്മിറ്റി പഴയ ബസ്സ്റ്റാൻഡ് പരിസരത്തു നടത്തിയ പ്രതിഷേധ കൂട്ടായ്മ അഭിപ്രായപ്പെട്ടു. എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് ശംസീർ ഇബ്രാഹീം ഉദ്ഘാടനം ചെയ്തു. ശിരോവസ്ത്രമുൾപ്പെടെയുള്ള മുസ്ലിം പെൺകുട്ടികളുടെ വസ്ത്രധാരണ രീതി മതപരമായ അവകാശമാണ്. ഇതു നിഷേധിക്കുന്നത് ഭരണഘടനയോട് നീതി പുലർത്താത്ത സമീപനമാണെന്ന് അദ്ദേഹം പറഞ്ഞു. ജി.ഐ.ഒ ജില്ലാ പ്രസിഡന്റ് ഹസ്ന അദ്ധ്യക്ഷത വഹിച്ചു. പി.എ. സാജിദ, ഉമ്മുൽ ഫായിസ സംസാരിച്ചു. ജില്ലാ സെക്രട്ടറി നാജിയ സ്വാഗതവും ജോയിന്റ് സെക്രട്ടറി നസ്റീന നന്ദിയും പറഞ്ഞു.

## പൗരാവകാശത്തിനുമേൽ കടന്നുകയറ്റം അനുവദിക്കില്ല

**കണ്ണൂർ:** സ്വന്തം ഇഷ്ടപ്രകാരമുള്ള വസ്ത്രം ധരിക്കുന്നത് ഏതൊരു പൗരന്റെയും അവകാശമാണെന്നും സ്കൂളുകളിലെ ശിരോവസ്ത്ര നിരോധം പൗരസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നു കയറ്റമാണെന്നും ഇത് അനുവദിക്കാനാവില്ലെന്നും ജി.ഐ.ഒ. കണ്ണൂർ ജില്ലാ സെക്രട്ടറിയേറ്റ് പ്രസ്താവിച്ചു. ശിരോവസ്ത്ര ധാരണത്തിലൂടെ മതസ്പർധ വളർത്തുകയല്ല; ഇന്ത്യ പോലുള്ള രാജ്യത്തിന്റെ മത സൗഹാർദം എടുത്തു കാട്ടുകയാണ് ചെയ്യുന്നത്. മുസ്ലിം വിദ്യാർഥിനികൾക്ക് ശിരോവസ്ത്രം ധരിക്കാനുള്ള അവകാശം വകവെച്ച് കൊടുക്കാൻ ഗവൺമെന്റും പൊതു വിദ്യാഭ്യാസ ഡയറക്ടറും ആർജവം കാണിക്കണമെന്നും ജി.ഐ.ഒ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഹസ്ന സാദിഖ് അധ്യക്ഷത വഹിച്ചു. കെ.കെ നാജിയ, മർജാന ഷമീർ, സുമയ്യ, ആശീറ, നവാല തുടങ്ങിയവർ സംസാരിച്ചു.

## യാത്രയയപ്പും പൂർവ വിദ്യാർഥി സംഗമവും

**പാലത്ത്:** അൽമദ്റസത്തുൽ ഇസ്ലാമിയയിൽ പ്രധാനാധ്യാപികയായി വിരമിച്ച ജുമൈല ടീച്ചർക്ക് യാത്രയയപ്പ് നൽകി. പൂർവ വിദ്യാർഥി സംഗമവും നടന്നു. മുസ്ഫിറ ഖിറാഅത്ത് നടത്തി. മദ്റസ സെക്രട്ടറി അബ്ദുൽ ഹകീം സ്വാഗതവും കെ. മുഹമ്മദ് ആമുഖ പ്രസംഗവും നടത്തി. നാസിം അഹ്മദ് ബാബു ഉപഹാരം സമർപ്പിച്ചു. കെ.പി ബഹാസ്, ജയ്സൽ, കെ.പി ബനീറ, അബ്ദുർറഹ്മാൻകുട്ടി, ഹജ്ജുകോയ ആശംസകൾ അർപ്പിച്ചു. രഹ്നാ നസീർ ഗാനം ആലപിച്ചു. യൂനുസ് നന്ദി പറഞ്ഞു.

## ദഅ്‌വാ കാമ്പയിൻ

**ശാന്തപുരം:** മുസ്‌ലിംകൾ ജീവിച്ചിരിക്കുന്നതിന്റെ ന്യായം പ്രബോധന പ്രവർത്തനമാണെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീർ എം.ഐ അബ്ദുൽ അസീസ്. അൽ ജാമിഅ അൽ ഇസ്‌ലാമിയ എസ്.ഐ.ഒ ദഅ്‌വാ സെൽ സംഘടിപ്പിക്കുന്ന 'ദി വെ' കാമ്പയിൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈജ്ഞാനിക മുന്നേറ്റത്തിലൂടെ യുവതലമുറ പ്രബോധന മേഖലയിലേക്ക് കടന്നുവരണമെന്നും അദ്ദേഹം പറഞ്ഞു. പ്രഫ. സാദിഖ് അൽ മൻസിലി യമനി മുഖ്യപ്രഭാഷണം നിർവഹിച്ചു.അൽജാമിഅ ഏരിയ പ്രസിഡന്റ് ടി.കെ ശിഹാബുദ്ദീൻ അധ്യക്ഷത വഹിച്ചു. ദഅ്‌വാ സെൽ സെക്രട്ടറി സൽമാനുൽ ഫാരിസ് സ്വാഗതവും പി. അഹ്മദ് റമീസ് നന്ദിയും പറഞ്ഞു.



*എം.ഐ അബ്ദുൽ അസീസ് കാമ്പയിൻ ഉദ്ഘാടനം ചെയ്യുന്നു.*

## ഡിവൈൻ 2013

**കുന്നത്തുനാട്:** ജി.ഐ.ഒ കുന്നത്തുനാട് ഏരിയയുടെ ആഭിമുഖ്യത്തിൽ 'ഡിവൈൻ 2013' എക്സിബിഷൻ എടത്തല മർവ ഹാളിൽ നടന്നു. ജമാൽ പാനായിക്കുളം ഉദ്ഘാടനം ചെയ്തു. ഹസ്ബി അലികുഞ്ഞു, അസ്ന അമീൻ, അഫീഫ അബ്ദുർറഹ്മാൻ, സുബ്ഹാന സകരിയ്യ, സാജിദ് ഇബ്റാഹീം നേതൃത്വം നൽകി.

## പഠനോപകരണ വിതരണം

**കാഞ്ഞിരോട്:** എസ്. ഐ.ഒ. കാഞ്ഞിരോട് യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ പഠനോപകരണ വിതരണം നടത്തി. കാഞ്ഞിരോട് എ.യു. പി സ്കൂളിലെ അറുപതോളം വിദ്യാർഥികൾക്കാണ് നോട്ടുപുസ്തകങ്ങൾ വിതരണം ചെയ്തത്. എസ്. ഐ.ഒ. കണ്ണൂർ ജില്ല പ്രസിഡന്റ് ശംസീർ ഇബ്റാഹീം വിതരണോദ്ഘാടനം നടത്തി. വസുമതി ടീച്ചർ അധ്യക്ഷത വഹിച്ചു. അഹ്മദ് പാറക്കൽ, സി. അഹ്മദ് മാസ്റ്റർ, പി.സി.എം. അജ്മൽ, ടി. അഹ്മദ് ആശംസകളർപ്പിച്ചു. അബൂബക്കർ മാസ്റ്റർ സ്വാഗതവും പ്രീത ടീച്ചർ നന്ദിയും പറഞ്ഞു. എ. ഉമ്മർ, അർശഖ് ഹമീദ്, കെ, സാബിഖ് നേതൃത്വം നൽകി.

## റാങ്ക് നേടി



*പി.കെ നിഹ്‌ല*

**അരീക്കോട്:** കാലിക്കറ്റ് സർവകലാശാല 2012-'13 ൽ നടത്തിയ ബി.എച്ച്. എം.എസ് പരീക്ഷയിൽ കോഴിക്കോട് ഗവ: ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് വിദ്യാർഥിനി പി.കെ നിഹ്‌ല ഒന്നാം റാങ്ക് കരസ്ഥമാക്കി. ഫാറൂഖ് കോളേജിലെ റിട്ട. ഇംഗ്ലീഷ് പ്രഫസർ അരീക്കോട് സ്വദേശി പി.കെ അബ്ദുന്നാസറിന്റെയും എൻ. നസിബയുടെയും മകളാണ്. ഡോ. സജ്ജാദ് ഹുസൈനാണ് ഭർത്താവ്. ജി.ഐ.ഒ പ്രവർത്തകയാണ്.



# കരിയർ

**സുലൈമാൻ ഊരകം**
kpsulaimanurakam@gmail.com

### മെഡിക്കൽ ഡിപ്ലോമ കേരളത്തിൽ

ഗവൺമെന്റ്/സ്വാശ്രയ സ്ഥാപനങ്ങളിലേക്കുള്ള 2013 അധ്യയന വർഷത്തെ, മെഡിക്കലിൽ ഉൾപ്പെട്ട ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റെസ്പറേറ്ററി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഡെന്റൽ മെക്കാനിക്സ്, ഡെന്റൽ ഹൈജീനിസ്റ്റ്സ്, ഓപ്പറേഷൻ തിയറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി, ന്യൂറോ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി, ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റൻസ് എന്നിവയാണ് കോഴ്സുകൾ, പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ഓൺലൈനായി ജൂലൈ 9 വരെ അപേക്ഷിക്കാം. www.ibscentre.org 04712560360, 361 to 365

### ഐസറിൽ അപേക്ഷിക്കാം

അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തിരുവനന്തപുരത്ത് കേന്ദ്ര സർക്കാർ സ്ഥാപിച്ച Indian Institute of Science - Education Research (IISER) ഈ അധ്യായന വർഷത്തെ Integrated PG ക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു സയൻസ് പാസായവർക്കും JEE (Advance) ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും അപേക്ഷിക്കാം. Bachelor of Science, Master of Science എന്നീ കോഴ്സുകളാണുള്ളത്; തിരുവനന്തപുരം കൂടാതെ ഭോപ്പാൽ, കൊൽക്കത്ത, മൊഹാലി, പൂനെ എന്നിവിടങ്ങളിലും 150 സീറ്റുകൾ വീതമുണ്ട്. അവസാന തീയതി: ജൂലൈ 3. www.iiseradmissions.in 0172 2240054

### CSIR ൽ ഒഴിവ്

കേന്ദ്ര ശാസ്ത്ര ഗവേഷണ സ്ഥാപനമായ കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ) ന്റെ വിവിധ തസ്തികകളിൽ 33 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. Senior Technical Officer, Technical Assistant, Senior Technician തുടങ്ങിയ തസ്തികകളിലാണ് ഒഴിവുകളുള്ളത്. അവസാന തീയതി: ജൂലൈ 15. www.csir.res.in

### തുഞ്ചൻ മലയാള സർവകലാശാലയിൽ അധ്യാപക തസ്തികകളിൽ ഒഴിവ്

പുതുതായി ആരംഭിച്ച തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ അധ്യാപക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷാ ശാസ്ത്രം, മലയാള സാഹിത്യം, സാംസ്കാരിക പൈതൃക പഠനം, മാധ്യമ പഠനം എന്നിവയിൽ പ്രഫസർ, അസോസിയേറ്റ് പ്രഫസർ, അസിസ്റ്റന്റ് പ്രഫസർ എന്നീ പോസ്റ്റുകളിലാണ് ഒഴിവുള്ളത്. അവസാന തീയതി: ജൂലൈ 12. 0494 2422422

### ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

തൃശൂർ ഡോ. ജോൺ മത്തായി സെന്ററിലെ മാനേജ്മെന്റ് സ്റ്റഡീസ് നടത്തുന്ന മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 10+2+3 പാറ്റേണിൽ 50% മാർക്കോടെ ഡിഗ്രിയുള്ളവർക്ക് അപേക്ഷിക്കാം. അവസാന തീയതി: ജൂലൈ 10. www.jmctsr.org 0487 2388477

### ബി.ടെക് സായാഹ്ന കോഴ്സ്

സംസ്ഥാനത്തെ ഈ വർഷത്തെ ബി.ടെക് സായാഹ്ന കോഴ്സിന് അപേക്ഷ ആരംഭിച്ചു. Poly, +2 Science എന്നീ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഹെൽപ്പ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവസാന തീയതി: ജൂലൈ 6.
www.dtekerala.gov.in, www.cet.ac.in 0471-2515508